**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4149** **28-10-2021 - ൽ മറുപടിയ്ക്ക്**

**ധനസമ്പാദനമേഖലകളിലെ നികുതിവെട്ടിപ്പും നികുതിചോർച്ചയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വ്യാപാരമേഖല ഉൾപ്പെടെയുള്ള വിവിധ ധനസമ്പാദനമേഖലകളിലെ നികുതിവെട്ടിപ്പും നികുതിചോർച്ചയും ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | വ്യാപാര മേഖലയിലെ നികുതിചോർച്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജി എസ് ടി സംവിധാനം പൂർണമായും ഓൺലൈൻ അധിഷ്ഠിതമാണ്. അതിനാൽ വ്യത്യസ്തവും നൂതനവുമായ രീതിയിലുള്ള നികുതി ചോർച്ചയാണ് കണ്ടുവരുന്നത്. നിലവിലുള്ള സംവിധാനം കൂടുതൽ കാര്യക്ഷമമാക്കി ഇത്തരം നികുതി ചോർച്ചകൾ കണ്ടുപിടിക്കുന്നതിനും തടയുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | എങ്കിൽ ഈ സർക്കാർ കാലയളവിൽ പ്രസ്തുത വിഭാഗങ്ങളിൽ ഉണ്ടായ ക്രമക്കേടുകൾ കണ്ടെത്താനും വരുമാന നഷ്ടം തടയാനും വകുപ്പിലെ അഴിമതിക്കാരായ ഉദ്യോഗസ്ഥർക്കെതിരെയും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | നികുതി ചോർച്ച തടയുന്നതിനും നികുതി പിരിവ് സുതാര്യമാക്കുന്നതിനുമുള്ള പുതിയ പദ്ധതികൾ കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതു കൂടാതെ ഓഡിറ്റ്, ട്രെയിനിങ് തുടങ്ങിയവ കൂടുതൽ ശക്തിപ്പെടുത്തി നികുതി ചോർച്ച കാര്യക്ഷമമായി തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിലെ സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിപ്പിച്ചു നികുതി ചോർച്ച തടയുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഈ സർക്കാരിന്റെ കാലയളവിൽ (2021 മെയ് മുതൽ) വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെ അഴിമതി സംബന്ധമായ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ